LIBRARY ARCHIVES Kerala Legislative Assembly

കോടശ്ശേരി-പരിയാരം വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റിന് സ്ഥലം

140 (2773) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട പരിയാരം പഞ്ചായത്തിലെ കാഞ്ഞിരപ്പിള്ളിയിലെ എം.പി.ഐ. (മീറ്റ് പ്രൊഡക്ട് ഓഫ് ഇന്ത്യ) വക സ്ഥലത്ത് നിന്ന് കോടശ്ശേരി-പരിയാരം കുടിവെള്ള പദ്ധതിയ്ക്കായി വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നതിനായി സ്ഥലം ലഭ്യമാക്കുന്നതിനു സമർപ്പിച്ചിട്ടുള്ള അപേക്ഷയിന്മേൽ സർക്കാർ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് അറിയിക്കാമോ ;

(ബി) ഇതിനായി സ്ഥലം വിട്ടുനൽകുന്നതിനാവശ്യമായ അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ചാലക്കുടിയിലെ എം.പി.ഐ.യുടെ അധീനതയിലുള്ള സ്ഥലത്ത് ആധുനിക മാംസ സംസ്കരണ പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. 3-7-2014-ൽ ബഹുമാനപ്പെട്ട ചാലക്കുടി എം.എൽ.എ.യുടെ നേതൃത്വത്തിൽ സ്ഥലം സന്ദർശിക്കുകയും വിശദമായി സ്ഥലം പരിശോധിക്കുകയും ചെയ്തു. ആധാരത്തിൽ കാണുന്നതിലധികം ഭൂമി എം.പി.ഐ.യുടെ കൈവശം പ്രസ്തുത സ്ഥലത്ത് ഉണ്ടെങ്കിൽ അത് കുടിവെള്ള പദ്ധതിക്ക് നൽകുന്നതിനും തഹസിൽദാരുടെ നേതൃത്വത്തിൽ സ്ഥലം അളക്കുന്നതിനും തീരുമാനിക്കുകയുണ്ടായി. 22-7-2014-ൽ ഈ ആവശ്യം ഉന്നയിച്ചുകൊണ്ട് തഹസിൽദാർക്ക് സ്ഥലം അളന്നു തിട്ടപ്പെടുത്തുന്നതിന് കത്ത് നൽകുകയും വിവരം ലഭിക്കുന്നമുറയ്ക്ക് അതിനാവശ്യമായ തുക ഒടുക്കാമെന്ന് അറിയിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) സർവ്വേ നടത്തി ആധാരത്തിലുള്ളതിലധികം സ്ഥലം ഉണ്ട് എന്ന് കണ്ടെത്തിയാൽ കോടശ്ശേരി പരിയാരം കുടിവെള്ള പദ്ധതിക്കായി അധികമുള്ള സ്ഥലം നൽകുന്നതിനുള്ള നിയമപ്രകാരമുള്ള നടപടികൾ എടുക്കേണ്ടതുണ്ട്.

വെറ്ററിനറി സർജന്മാരുടെ ഒഴിവുകൾ

141 (2774) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിലെ എത്ര വെറ്ററിനറി ഡിസ്പെൻസറികളിലും ആശുപത്രികളിലുമാണ് സർജന്മാരുടെ ഒഴിവുകൾ ഉള്ളതെന്ന് അറിയിക്കാമോ ;

(ബി) ഇവിടെ വെറ്ററിനറി സർജന്മാരെ നിയമിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

ഉത്തരം

(എ) കാസർഗോഡ് ജില്ലയിൽ 13 വെറ്ററിനറി ഡിസ്പെൻസറിയിൽ സർജന്മാരുടെ ഒഴിവുണ്ട്. വെറ്ററിനറി ആശുപത്രിയിൽ വെറ്ററിനറി സർജന്മാരുടെ ഒഴിവില്ല.

(ബി) വെറ്ററിനറി സർജന്മാരുടെ ഒഴിവുകൾ 22-1-2015-ന് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അത്യാവശ്യ സ്ഥാപനങ്ങളിൽ കരാറടിസ്ഥാനത്തിൽ വെറ്ററിനറി സർജന്മാരെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

കാഞ്ഞങ്ങാട് വെറ്ററിനറി പോളിക്ലിനിക്

142 (2775) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാഞ്ഞങ്ങാട് വെറ്ററിനറി പോളിക്ലിനിക് സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രവൃത്തിക്ക് എത്ര തുകയാണ് ചെലവ് പ്രതീക്ഷിക്കുന്നതെന്നും എന്നു പൂർത്തിയാകുമെന്നും വിശദമാക്കാമോ ?

ഉത്തരം

(എ) കാഞ്ഞങ്ങാട് വെറ്ററിനറി പോളിക്ലിനിക് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

(ബി) കാഞ്ഞങ്ങാട് വെറ്ററിനറി ഹോസ്പിറ്റൽ വെറ്ററിനറി പോളിക്ലിനിക്കായി ഉയർത്തുമ്പോൾ നിലവിലുള്ള സൗകര്യം പര്യാപ്തമാകുന്നതുകൊണ്ട് പുതിയ കെട്ടിടം ആവശ്യമില്ലാത്തതിനാൽ നിർമ്മാണ പ്രവർത്തിക്ക് ഫണ്ട് ആവശ്യമായി വരുന്നില്ല.

മൃഗാശുപത്രിയിൽ ഡോക്ടറെ നിയമിക്കാൻ നടപടി

143 (2776) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly